രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം



1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ :  രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 4

# സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം



- പരിശുദ്ധാത്മാവു വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.
- പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യസമൂഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുപോയി സുവിശേഷം അറിയിച്ചു.



1. ആത്മാവിന്റെ പ്രവർത്തനം ആദിമക്രൈസ്തവ സമൂഹത്തിൽ
2. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും ഫലങ്ങളും
3. പ്രതിസന്ധികളിലും പീഡനങ്ങളിലും സഭയെ നയിക്കുന്ന പരിശുദ്ധാത്മാവ്
4. പരിശുദ്ധാത്മാവിന്റെ ആലയം
5. ആത്മാവിനാൽ നയിക്കപ്പെടാൻ
6. കൂദാശകളിലൂടെ ആത്മാവു നൽകപ്പെടുന്നു



## ആത്മാവിന്റെ പ്രവർത്തനം ആദിമക്രൈസ്തവ സമൂഹത്തിൽ

- ദൈവാത്മാവ് നേരിട്ട് ശ്ലീഹന്മാരെ നയിക്കുകയും അവരോടു സംസാരിക്കുകയും തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.
- അവർ എങ്ങോട്ടു പോകണം, എന്തുചെയ്യണം എന്നു നിർദ്ദേശിച്ചു കൊടുക്കുന്നു.
- അവരുടെകൂടെ വസിച്ച് അവരെ ധൈര്യപ്പെടുത്തുകയും ഉത്സാഹഭരിതരും സന്തോഷമാനസരുമാക്കുകയും ചെയ്യുന്നു.

## പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും ഫലങ്ങളും

- പരിശുദ്ധാത്മാവിനാൽ മിശിഹായിൽ പണിതുയർത്തപ്പെട്ട ദൈവത്തിന്റെ ആലയമാണ് സഭ.
- പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് നൽകുന്ന ഫലങ്ങൾ ഏവയെന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു.
- അവ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം, സഹനശക്തി, വിശുദ്ധി, മിതത്വം എന്നിവയാണ്.
- പരിശുദ്ധാത്മാവ് ഇവയെല്ലാം നൽകുന്നത് സഭയെ പണിതുയർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടിയാണ്.

# പ്രതിസന്ധികളിലും പീഡനങ്ങളിലും സഭയെ നയിക്കുന്ന പരിശുദ്ധാത്മാവ്

- പ്രതിസന്ധികളിലും പീഡനങ്ങളിലും സഭയെ പരിശുദ്ധാത്മാവ് നയിക്കുന്നു.
- സഭയെ പീഡിപ്പിച്ചിരുന്ന സാവൂളിനെ മാനസാന്തരത്തിലേയ്ക്കു നയിച്ചതും തീക്ഷ്ണമതിയായ സുവിശേഷ പ്രഘോഷകനാക്കി മാറ്റിയതും പരിശുദ്ധാത്മാവാണ്.
- ഈശോയ്ക്കുവേി രക്തസാക്ഷിയാകാൻ പൗലോസായിത്തീർന്ന സാവൂളിനു ശക്തി നൽകിയതും പരിശുദ്ധാത്മാവുതന്നെയാണ്.



## പരിശുദ്ധാത്മാവിന്റെ ആലയം

- നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുകൂടെ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കുന്നു. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. ആ ആലയം നിങ്ങൾ തന്നെയാണ്.
- നാം ദൈവത്തിന്റെ ആലയമായിത്തീരുന്നത് ദൈവാത്മാവു നമ്മിൽ വസിക്കുന്നതുകൊണ്ടാണ്.

# ആത്മാവിനാൽ നയിക്കപ്പെടാൻ

- നന്മ ചെയ്യാനും തിന്മയൽനിന്നു അകന്നിരിക്കാനുമുള്ള ഓരോ പ്രചോദനവും പരിശുദ്ധാത്മാവ് നമ്മിൽ ഉണർത്തുന്നതാണ്.
- ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണ് ദൈവമക്കൾ.
- അടിമത്തത്തിന്റെ ആത്മാവിനെയല്ല, ദൈവത്തെ അബാ, പിതാവേ എന്നു വിളിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്.



# കൂദാശകളിലൂടെ ആത്മാവു നൽകപ്പെടുന്നു

- ഓരോ  കൂദാശയിലും നാം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു.



- വിശുദ്ധ കുർബാനയിലും സവിശേഷമാംവിധം പരിശുദ്ധാത്മാവ് നമ്മിൽ വർഷിക്കപ്പെടുന്നു്.
- പാപത്താൽ നഷ്ടമായ ആത്മീയജീവൻ അനുരഞ്ജനകൂദാശയിലൂടെ നമുക്ക് വീണ്ടും ലഭിക്കുന്നു.
- രോഗീലേപനംവഴി രോഗശാന്തിയും പാപമോചനവും സഹനശക്തിയും ആത്മാവു നമുക്കു നൽകുന്നു.
- തിരുപ്പട്ടക്കൂദാശയിൽ മിശിഹായുടെ രാജകീയ, പ്രവാചക, പുരോഹിത ദൗത്യങ്ങളിൽ പങ്കുപറ്റി ദൈവജനത്തിന് ശുശ്രൂഷ ചെയ്യാനുള്ള പ്രത്യേകമായ കൃപാവരം വർഷിക്കപ്പെടുന്നു.
- വിവാഹകൂദാശയിൽ കുടുംബജീവിതത്തിന്റെ കടമകൾ നിറവേറ്റാൻവേണ്ട കൃപാവരം പരിശുദ്ധാത്മാവ് നൽകുന്നു.

# ദൈവവചനം വായിക്കാം

# ധ്യാനിക്കാം

(റോമ 8:9-17)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച് പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്.**

(റോമ 8:15)

# നമുക്കു പ്രാർത്ഥിക്കാം

സത്യത്തിന്റെ വഴിയിലൂടെ ഞങ്ങളെ നടത്തുവാൻ സത്യാത്മാവിനെ ഞങ്ങൾക്കു വാഗ്ദാനം ചെയ്ത മിശിഹായെ, ആത്മാവിന്റെ പ്രചോദനം അനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

# എന്റെ തീരുമാനം

**പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് ഞാൻ ജീവിക്കും.**

Thank you